"ഭരണഭാഷ - മാതൃഭാഷ"

KSEB
കേരളത്തിന്റെ ഊർജ്ജം
150 YEARS OF CELEBRATING THE MAHATMA

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരളം

ഫോൺ +91 471 2447404, ഫാക്സ്: 0471 2558340, ഇ-മെയിൽ : cerees@kseb.in

വെബ് സൈറ്റ് : www.kseb.in. CIN :U40100KL2011SGC027424

നം. സി.ഇ (ആർ.ഇ.ഇ.എസ്)/എസ്കോട്ട്/എ.ഇ.ഇ.6/സോളാർ--ജനറൽ/ 19-20/ 817 13.08.2019

## പരിപത്രം

വിഷയം - 1 kWp മുതൽ 1 MWp വരെ ശേഷിയുള്ള സൗരവൈദ്യുതി ഉല്പാദന സംവിധാനം വിതരണ ശൃംഖലയുമായി ഘടിപ്പിക്കുന്നതിനുള്ള അപേക്ഷയിന്മേൽ കെ.എസ്.ഇ.ബി.എൽ ഓഫീസുകൾ എടുക്കേണ്ട നടപടികൾ - രണ്ടാം പതിപ്പ് - 2 -ാം ഭേദഗതി

സൂചന:- (1) കെ.എസ്.ഇ.ആർ.സി.യുടെ 10.06.2014ലെ 2096/കെ.എസ്.ഇ. ആർ.സി/2014 (ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ടഡ് സോളാർ എനർജി സിസ്റ്റം) റഗുലേഷൻസ് 2014.

(2).09.09.2016 ലെ പരിപത്രം നം.സി.ഇ(ആർ.ഇ.ഇ.എസ്)/പ്രോജക്ട്സ്/എ.ഇ.ഇ.6/സോളാർ-ജനറൽ/ 16-17/ 766(1).

(3). 23.07.2018 ലെ പരിപത്രം നം. നം. സി.ഇ (ആർ.ഇ.ഇ.എസ്)/എസ്കോട്ട്/എ.ഇ.ഇ.6/ സോളാർ-- ജനറൽ/ 2018-19/690

(4). ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 24.07.2018 ലെ സർക്കുലർ നം. B2/13958/2017/CEI

കെ.എസ്.ഇ.ആർ.സി റെഗുലേഷൻ, സൂചന (1) പ്രകാരം 1 kWp മുതൽ 1 MWp വരെ ശേഷിയുള്ള സൗരവൈദ്യുതി ഉല്പാദന സംവിധാനം വിതരണ ശൃംഖലയുമായി ഘടിപ്പിക്കുന്നതിനുള്ള അപേക്ഷയിന്മേൽ കെ.എസ്.ഇ.ബി.എൽ ഓഫീസുകൾ എടുക്കേണ്ട നടപടികൾ (സൂചന 2) പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിനുശേഷം 15.03.2016 ൽ മേൽ റെഗുലേഷനിൽ കെ.എസ്.ഇ.ആർ.സി വരുത്തിയ ഭേദഗതിയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പരിശോധിക്കേണ്ടുന്ന റിന്യൂവബ്ൾ വൈദ്യുതി നിലയങ്ങളുടെ ശേഷിയെ സംബന്ധിച്ച സർക്കാർ ഉത്തരവിൻമേൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നൽകിയ വിശദീകരണത്തിന്റേയും അടിസ്ഥാനത്തിൽ സൂചന (2) ന്റെ ഭേദഗതി 23.07.2018 ൽ (സൂചന 3)വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 10kWp മുതലുള്ള സൗരവൈദ്യുതി നിലയങ്ങൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരിശോധിക്കേണ്ടതാണ്. എന്നാൽ, 24.07.2018 ലെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സർക്കുലർ പ്രകാരം (സൂചന 4) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പരിശോധിക്കേണ്ടുന്ന സൗരവൈദ്യുതി നിലയങ്ങളുടെ ശേഷി 10kWp ക്ക് മുകളിലാക്കിയിരിക്കുന്നു.

ഇപ്രകാരം, സൂചന (3) ൽ വരുത്തിയിട്ടുള്ള ഭേദഗതികൾ ചുവടെ ചേർത്തിരിക്കുന്നു

7. അവസാനത്തെ ഖണ്ഡിക താഴെപ്പറയും പ്രകാരം മാറ്റം വരുത്തിയിരിക്കുന്നു.:

"നിശ്ചിത സമയത്തിനുള്ളിൽ സൗരോർജ്ജനിലയം പൂർത്തീകരിച്ചിട്ടുള്ള ഉപഭോക്താക്കളുടെ സൗരോർജ്ജ നിലയം ടെസ്റ്റ് ചെയ്യാനുള്ള അപേക്ഷ (**അനുബന്ധം-3**) സമർപ്പിക്കേണ്ടത് താഴെപ്പറയും പ്രകാരമാണ്. പ്രീ-കമ്മീഷണിംഗ് ടെസ്റ്റിനോ റുട്ടീൻ ടെസ്റ്റിനോ പ്രത്യേകമായി ഫീസ് ഈടാക്കേണ്ടതില്ല."

(1). 10 kWp യ്ക്ക് മുകളിൽ ശേഷിയുള്ള സൗരോർജ്ജ നിലയം ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതിപത്രത്തോടുകൂടി (എനർജൈസേഷൻ സർട്ടിഫിക്കറ്റ്) അതത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ വാങ്ങേണ്ടതാണ്.

(2). 10 kWp യും അതിന് താഴെ ശേഷിയുള്ളതുമായ സൗരോർജ്ജ നിലയം അംഗീകൃത ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ പൂർത്തീകരണ റിപ്പോർട്ട് (completion report) ഓട് കൂടി അതത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ വാങ്ങേണ്ടതാണ്

പി.ജി ഉണ്ണികൃഷ്ണൻ
സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/
എല്ലാ അക്കൗണ്ട് റെണ്ടറിംഗ് യൂണിറ്റുകൾക്കും.